"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ ആര്യാട് തെക്ക് വില്ലേജിൽ ബ്ലോക്ക് 19 ൽ റീസർവെ 44 -ൽ പ്പെട്ട 0.0205 ഹെക്ടർ വസ്തുവും ടി ബ്ലോക്കിൽ റീസർവെ 56 ൽപ്പെട്ട 0.1347 ഹെക്ടർ വസ്തുവും ഉൾപ്പെടെ 'കടൽ പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ള 0.1552 ഹെക്ടർ ഭൂമി 'തരിശ്' ആയി ഇനംമാറ്റം നടത്തി 'പതിവ്' ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.261/2026/RD തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:- 1) ആലപ്പുഴ ജില്ലാ കളക്ടറുടെ 21.01.2026 തീയതിയിലെ DCALP/11919/2023-C7 നമ്പർ കത്ത്

2) ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.03.2026 തീയതിയിലെ LR/7062/2024-PM-2 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ ആര്യാട് തെക്ക് വില്ലേജിൽ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ട 20 കടൽപുറമ്പോക്ക് കേസുകളിൽ ഹൈറ്റൈഡ് ലൈൻ നിശ്ചയിച്ചതിൽ 6 കേസുകൾ പതിവിന് അർഹരാണെന്ന് കണ്ടെത്തിയിരുന്നുവെന്നും അർഹരായ 6 കുടുംബങ്ങൾക്കും സ്വന്തമായി മറ്റ് ഭൂമിയില്ലാത്തതും ബിറ്റിആർ പ്രകാരം പ്രസ്തുത ഭൂമി കടൽക്കര പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നും പ്രസ്തുത 0.1552 ഹെക്ടർ കടൽക്കര പുറമ്പോക്ക് വസ്തുവിന്റെ ഇനം മാറ്റി ഭൂരഹിതരായ ചുവടെ ചേർക്കുന്ന അപേക്ഷകർക്ക് പതിച്ച് നൽകാവുന്നതാണെന്നും പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

| ക്രമ നം | പേരും മേൽവിലാസവും | ബ്ലോക്ക് നം | റീസർവ്വേ | വിസ്തീർണ്ണം (ആർസ്) | HTL ൽ നിന്നുള്ള ദൂരം (മീറ്റർ) | വാർഷിക വരുമാനം |
|---|---|---|---|---|---|---|
| 1 | റീത്താമ്മ, പനച്ചിക്കൽ, കാഞ്ഞിരംചിറ | 19 | 56 | 02.75 | 48 | 84,000 |
| 2 | ജോയി, പൊള്ളയിൽ, കാഞ്ഞിരംചിറ | 19 | 44 | 02.05 | 40 | 60,000 |
| 3 | ജോസഫ്, പള്ളുരുത്തിൽ, കാഞ്ഞിരംചിറ | 19 | 56 | 04.05 | 47 | 1,20,000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഗബ്രിയേൽ, പള്ളിപ്പറമ്പിൽ, കാഞ്ഞിരംചിറ | 19 | 56 | 01.42 | 38 | 96,000 |
| 5 | ജെറോം സേവ്യർ, ആറാട്ടുകുളം,കാഞ്ഞിരംചിറ | 19 | 56 | 01.20 | 38 | 84,000 |
| 6 | ഒനാസീസ്, പള്ളുരുത്തിൽ, കാഞ്ഞിരംചിറ | 19 | 56 | 04.05 | 36 | 96,000 |

2. പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ടതും കടൽ പുറമ്പോക്ക് ഇനത്തിൽപ്പെട്ട ആര്യാട് തെക്ക് വില്ലേജിൽ ബ്ലോക്ക് 19 റീസർവെ 44 -ൽ പ്പെട്ട 0.0205 ഹെക്ടർ വസ്തുവും ടി ബ്ളോക്കിൽ റീസർവെ 56- ൽപ്പെട്ട 0.1347 ഹെക്ടർ വസ്തുവും ഉൾപ്പെടെ 'കടൽ പുറമ്പോക്ക് 'എന്ന് രേഖപ്പെടുത്തിയിട്ടുള്ള 0.1552 ഹെക്ടർ ഭൂമി 'തരിശ്' ആയി ഇനംമാറ്റി ഭൂരഹിതരായ മേൽപ്പറഞ്ഞ അപേക്ഷകർക്ക് പതിച്ചു നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം ഉണ്ടാകണമെന്ന് പരാമർശം (2) പ്രകാരം ലാൻഡ് റവന്യു കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ അംഗീകരിച്ചു കൊണ്ട്, പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെട്ടതും കടൽ പുറമ്പോക്ക് ഇനത്തിൽപ്പെട്ട ആര്യാട് തെക്ക് വില്ലേജിൽ ബ്ലോക്ക് 19 റീസർവെ 44 -ൽ പ്പെട്ട 0.0205 ഹെക്ടർ വസ്തുവും ടി ബ്ളോക്കിൽ റീസർവെ 56-ൽപ്പെട്ട 0.1347 ഹെക്ടർ വസ്തുവും ഉൾപ്പെടെ 'കടൽ പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ള 0.1552 ഹെക്ടർ ഭൂമി 'തരിശ്' ആയി ഇനംമാറ്റി ഭൂരഹിതരായ മേൽപ്പറഞ്ഞ അപേക്ഷകർക്ക് പതിച്ചു നൽകുന്നതിന് ആലപ്പുഴ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
തഹസിൽദാർ, അമ്പലപ്പുഴ
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Kumari Sindhu S
Date: 24-08-2026
15:51:43

സെക്ഷൻ ഓഫീസർ

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്